**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1669** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ ബോർഡിലെ ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ, ആസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും മറ്റ് ഓഫീസുകളിലുമായി ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിൽ എത്ര അംഗീകൃത തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിൽ 11 അംഗീകൃത തസ്തികകളുണ്ടെങ്കിലും നിലവിൽ ബോർഡിൽ അനുവദിച്ച് നൽകിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിൽ നിലവിലുള്ള 5 എണ്ണത്തിന് മാത്രമാണ് ശമ്പള പരിഷ്കരണം അനുവദിച്ചു നൽകിയിട്ടുള്ളത്. സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ നിയമനങ്ങളെല്ലാം സംസ്ഥാന തലത്തിലാണ് നടത്തുന്നത്. പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്നവരെ ആവശ്യമനുസരിച്ച് ബോർഡിന്റെ മറ്റ് ജില്ലകളിലെ ഓഫീസുകളിലേയ്ക്ക് നിയമിക്കുകയാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത തസ്തികയിൽ ഓരോ ഓഫീസുകളിലും എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | നിലവിൽ ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിൽ ഒഴിവുകളില്ല. |
| (സി) | ഈ തസ്തികയിലെ പുതിയ ഒഴിവുകൾ അവസാനമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും ഇനി എത്ര പുതിയ ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്നും അറിയിക്കുമോ; | (സി) | ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിലെ പുതിയ ഒഴിവുകൾ 04.07.2025 തീയതിയിലാണ് അവസാനമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിലവിൽ ഒഴിവുകളൊന്നും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ അവശേഷിക്കുന്നില്ല. |
| (ഡി) | ഈ തസ്തികയിലെ എൻ.ജെ.ഡി. ഒഴിവുകൾ അവസാനമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്നും അറിയിക്കുമോ; | (ഡി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിലെ 3 എൻ.ജെ.ഡി. ഒഴിവുകൾ 04.07.2025 തീയതിയിലാണ് അവസാനമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത്. |
| (ഇ) | ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിലെ ഒഴിവുകളെല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ